(ബി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു ; ഇത് സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഭാഗമായി വർദ്ധിക്കുന്ന പീരിയഡുകളുടെ എണ്ണമനുസരിച്ച് ഈ വർഷം തന്നെ പുതിയ അദ്ധ്യാപക/ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുമോ ; ഇതുപ്രകാരം ഹൈസ്കൂളുകളിൽ എത്ര തസ്തിക സൃഷ്ടിക്കേണ്ടിവരും ; അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. ആഴ്ചയിൽ 7 പിരീഡ് എന്നത് 8 പിരീഡാക്കി മാറ്റിയിട്ടുണ്ട്. പുതുക്കിയ ഘടന അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായിട്ടാണ് ടൈംടേബിൾ പരിഷ്കരിച്ചത്. 4-ാം ക്ലാസ്സ് മുതൽ ഉണ്ടായിരുന്ന ഇംഗ്ലീഷ് പഠനം 1-ാം ക്ലാസ്സ് മുതൽ ആരംഭിച്ചത്, സംസ്കൃത പഠനം 1-ാം ക്ലാസ്സ് മുതൽ നടപ്പിലാക്കിയത്, പാഠ്യേതര വിഷയങ്ങളായ കലാ-കായിക വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, പ്രവൃത്തി പരിചയ വിദ്യാഭ്യാസം എന്നിവ പാഠ്യ വിഷയങ്ങളാക്കി മാറ്റിയത് എന്നിവ ടൈംടേബിൾ പരിഷ്കരണത്തിന് കാരണമായി. ടൈംടേബിൾ പരിഷ്കരണത്തിന്റെ ഉദ്ദേശ്യം സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ആവശ്യകത വിലയിരുത്തിയശേഷം പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ലഭ്യമാക്കാത്ത നടപടി

25 (*565) ശ്രീ. കെ. സുരേഷ്കുറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ഈ അദ്ധ്യയനവർഷം അച്ചടിച്ച് വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യയനവർഷം ആരംഭിച്ച് ഒന്നാംപാദ പരീക്ഷ തുടങ്ങാറായിട്ടും ഹാൻഡ്ബുക്ക് ലഭിക്കാതെ അദ്ധ്യാപകർ പ്രയാസപ്പെടുകയാണെന്ന കാര്യം അറിവുള്ളതാണോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ധ്യാപക സഹായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടാത്തതുകൊണ്ട് ;

(ഡി) പാഠപുസ്തക അച്ചടി വൈകുന്നതും അദ്ധ്യാപക സഹായി ലഭ്യമാക്കാത്തതുമായ നടപടികൾ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) അദ്ധ്യാപക സഹായി എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ ; പൊതുവിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അദ്ധ്യാപക സഹായിയുടെ ആദ്യഭാഗങ്ങൾ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ ഉപയോഗിച്ച് കാര്യക്ഷമമായി ക്ലാസ്സുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് പ്രയാസം നേരിടുന്നില്ല.

(സി) പാഠപുസ്തക നിർമ്മാണം പൂർത്തിയായതിനുശേഷം അതിനനുസരിച്ചാണ് അദ്ധ്യാപക സഹായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്നത്. ഇത് വിവിധ കമ്മിറ്റികളുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം സോഫ്റ്റ് കോപ്പിയുടെ രൂപത്തിലാക്കി എസ്.സി.ഇ.ആർ.ടി. ടെണ്ടർ ക്ഷണിച്ചാണ് പ്രിന്റിംഗിനു നൽകുന്നത്. പ്രിന്റ് ചെയ്യുന്ന സ്ഥാപനം തന്നെയാണ് സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ ജില്ലാ പ്രോജക്ട് ഓഫീസുകൾ മുഖേന അദ്ധ്യാപക സഹായികൾ വിതരണം ചെയ്യുന്നത്. ഇതിനായുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി പൂർത്തിയായി. അദ്ധ്യാപക സഹായികളുടെ അച്ചടി പുരോഗമിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ഇ) അച്ചടിച്ച പതിപ്പുകൾ ഈ മാസംതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യാപക സഹായികളും എസ്.സി.ഇ.ആർ.ടി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly